പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 919 25.1.2018-ൽ മറുപടിയ്ക്ക്

## കന്നുകാലികൾക്ക് നിയമാനുസൃതമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) | കന്നുകാലികളെ കൊണ്ടു പോകുന്ന ലോറികളിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്; | എ) | വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ഓരോ കൺസൈൻമെന്റിന്റെ കൂടെയും ഒരു അംഗീകൃത വെറ്ററിനറി സർജന്റെ (AWBI അനുശാസിക്കും വിധം) ആരോഗ്യ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.<br>2) വെറ്ററിനറി പ്രാഥമിക ചികിത്സയ്ക്ക് ആവശ്യമായ സാധനങ്ങൾ വണ്ടിയിൽ ഉണ്ടായിരിക്കണം.<br>3) ഉരുക്കളെ ആര് എവിടെ നിന്ന് ആർക്ക് എവിടേയ്ക്ക് എന്നിവ സൂചിപ്പിക്കുന്ന കാര്യങ്ങൾ വ്യക്തമായും രേഖകളിൽ ഉണ്ടായിരിക്കണം.<br>4) 1988 ലെ കേന്ദ്ര മോട്ടോർ വാഹന നിയമം 96(2) വകുപ്പ് അനുസരിച്ച് സംസ്ഥാന സർക്കാർ ഉണ്ടാക്കിയ 2011 ലെ ഭേദഗതി പ്രകാരമുള്ള 1989 - ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളുടെ 197-ാം ചട്ട പ്രകാരം വാഹനങ്ങളിൽ ഉരുക്കൾക്ക് നിൽക്കുന്നതിന് ആവശ്യമായ സ്ഥലം പ്രത്യേകം കളങ്ങൾ |

| | | | |
|---|---|---|---|
| | | | (Portions) ഉണ്ടാക്കിയിരിക്കണം.<br>5) പോകുന്ന സ്ഥലങ്ങളിൽ ആവശ്യമുള്ളിടങ്ങളിൽ വെള്ളം നൽകുന്നതിന് സൗകര്യം ഒരുക്കണം അത്യാവശ്യത്തിന് വണ്ടികളിൽ വെള്ളം ഉണ്ടാകേണ്ടതാണ്.<br>6) ഉരുക്കൾക്ക് യാത്രയിൽ ആവശ്യമായ ഭക്ഷണം കരുതണം.<br>7) ആവശ്യമായ കാറ്റും വെളിച്ചവും ഉരുക്കൾക്ക് ഉറപ്പ് വരുത്തണം<br>8) സാംക്രമികരോഗമുള്ള ഭാഗങ്ങളിൽ നിന്നും ഉരുക്കളെ വാങ്ങുകയോ അവയെ ഒരിടത്തുനിന്നും മറ്റിടങ്ങളിലേയ്ക്ക് കടത്തുകയോ ചെയ്യരുത്.<br>9) രോഗമുള്ളവ, പൊള്ളലേറ്റവ, ആരോഗ്യമില്ലാത്തവ, ചെറിയ കുട്ടികൾ, മുറിവേറ്റവ, കണ്ണുകാണാത്തവ, മുടന്തുള്ളവ, പ്രസവിച്ച് 72 മണിക്കൂർ തികയാത്തവ എന്നിവയെ ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് കടത്തരുത്.<br>10) ഗർഭിണികളെയും, കുട്ടികളെയും ഒന്നിച്ച് ഒരു വാഹനത്തിൽ കയറ്റരുത്.<br>11) വിവിധതരം മൃഗങ്ങളെ ഒരേ സമയം ഒരു വാഹനത്തിൽ കയറ്റരുത്.<br>12) ആക്രമണ സ്വഭാവമുള്ള മൃഗങ്ങളെ മയക്കി മാത്രമേ കടത്താവൂ.<br>13) മൃഗങ്ങളെ കയറ്റിയത് (ANIMAL CARRIER) എന്ന് കാണത്തക്ക വിധം ഒരക്ഷരം 25 ചതുരശ്ര സെ.മീ വലുപ്പത്തിൽ വാഹനങ്ങളുടെ മുൻപിലും |

| | | | |
|---|---|---|---|
| | | | പുറകിലും പ്രദർശിപ്പിക്കണം<br>14) മൃഗങ്ങളെ വാഹനത്തിന്റെ എഞ്ചിന് അഭിമുഖമാക്കി മാത്രമേ നിർത്താവൂ. |
| ബി) | വായു സഞ്ചാരമില്ലാത്ത കണ്ടെയ്നർ ലോറികളിൽ കാലികളെ കുത്തിനിറച്ച് അവ ഉറങ്ങാതിരിക്കാൻ കണ്ണുകളിൽ മുളക് തേച്ച് ക്രൂര പീഡനം നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | ലോറികളുടെ പിറക് വശം ചാക്കുകൾ കൊണ്ട് മറച്ച് ഉള്ളിൽ ചരക്കാണെന്ന് തോന്നിക്കും വിധം കയറു കൊണ്ട് കെട്ടിവരിഞ്ഞാണ് ഇവയെ കൊണ്ടു വരുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | എങ്കിൽ ഇത്തരം പ്രവൃത്തികൾ തടയുന്നതിനും കന്നുകാലികൾക്ക് നിയമാനുസൃതമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് വ്യക്തമാക്കുമോ ? | ഡി) | കന്നുകാലികളുടെ കണ്ണുകളിൽ പച്ച മുളക് പോലുള്ളവ പ്രയോഗിക്കുക, ചാട്ടവാറടി തുടങ്ങിയവ ചെക്ക് പോസ്റ്റ് അധികൃതരുടെ ശ്രദ്ധയിൽ പെട്ടാൽ പോലീസ് ഉദ്യോഗസ്ഥരുടെ സഹായം അഭ്യർത്ഥിച്ച് തുടർ നടപടി സ്വീകരിക്കാറുണ്ട്. കണ്ടെയ്നർ വഴിയാണ് മൃഗങ്ങളെ കയറ്റി കൊണ്ടു വരുന്നതെന്ന് ബോധ്യപ്പെട്ടാൽ അത്തരം വാഹനങ്ങളെയും മുടിക്കെട്ടി വരുന്ന വാഹനങ്ങളെയും അമിത എണ്ണം ഉരുക്കളെ കയറ്റി വരുന്ന വാഹനങ്ങലെയും തിരിച്ചയയ്ക്കാറുണ്ട്. ദൂരെ നിന്നുതന്നെ കണ്ടെയ്നർ വാഹനങ്ങളിൽ ഉരുക്കളാണോയെന്ന് മനസ്സിലാക്കുന്നതിന് ഇൻഫ്രാറെഡ് ക്യാമറ ഉപയോഗിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | കേരളത്തിലേയ്ക്ക് മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെ ഊടുവഴികളിലൂടെ അനധികൃതമായി മൃഗങ്ങളെ കയറ്റിവരുന്നത് തടയാൻ അത്തരം വാഹനങ്ങൾക്ക് പിഴ ചുമത്തുക,പരിശോധന ഫീസ് വർദ്ധിപ്പിക്കുക,ഉദ്യോഗസ്ഥർക്ക് യൂണിഫോം നടപ്പിലാക്കുക, ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ഏകോപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുക, സി.സി.ടി.വി ക്യാമറ സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ